വേതനം പുതുക്കി നിശ്ചയിക്കാത്ത കാര്യത്തിൽ സർക്കാർ നടപടിയെടുക്കണമെന്നും അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി. കബീർ) : സർ, കേരളത്തിലെ സ്വകാര്യമേഖലയിൽ ജോലി ചെയ്യുന്ന ഫാർമസിസ്റ്റുകളുടെ പ്രശ്നങ്ങളെ സംബന്ധിച്ച് പരാതികളൊന്നും ആരോഗ്യവകുപ്പിന് ലഭിച്ചതായി കാണുന്നില്ല. സ്വകാര്യ സ്ഥാപനങ്ങളുടെമേൽ സർക്കാരിന് ഇപ്പോഴത്തെ പരിതസ്ഥിതിയിൽ നിയന്ത്രണങ്ങളൊന്നുമില്ലാത്തതിനാൽ ഇവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ തലത്തിൽ നടപടികൾ പ്രായോഗികമല്ല. എന്നാൽ സ്വകാര്യസ്ഥാപനങ്ങളിലെ പ്രവർത്തനവും നടത്തിപ്പും നിയന്ത്രിക്കുന്നതിന് ഒരു ബിൽ സർക്കാരിന്റെ പരിഗണനയിലുണ്ട്. ഇതു പ്രാവർത്തികമാക്കുമ്പോൾ മറ്റു ജീവനക്കാരോടൊപ്പം ഫാർമസിസ്റ്റുകളുടേയും പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു. സ്വകാര്യ ആശുപത്രിയിലെ ജീവനക്കാരുടെ വേതനം പുതുക്കി നിശ്ചയിക്കുന്നതിന് തൊഴിൽ വകുപ്പ് നടപടി സ്വീകരിച്ചു വരുന്നതായി അറിയുന്നു. അതു പ്രാവർത്തികമാക്കുമ്പോൾ ഫാർമസിസ്റ്റുകളുടേയും വേതനം പുതുക്കി ലഭിക്കുമെന്നാണ് ഗവണ്മെന്റ് പ്രതീക്ഷിക്കുന്നത്. മറ്റു രണ്ടു കാര്യങ്ങൾ അദ്ദേഹം സൂചിപ്പിച്ചു. സ്വകാര്യ ആശുപത്രികൾക്ക് ഡ്രഗ് ലൈസൻസ് കൊടുക്കണമെന്നതാണ് അതിലൊന്ന്. അങ്ങനെ ഒരാവശ്യം ആദ്യമായി ഉന്നയിക്കുകയാണ്. അതു ഗവണ്മെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടേയുള്ളു. അതു ചർച്ച ചെയ്തശേഷം മറുപടി പറയാം. രണ്ടാമത്, ജില്ലകളിൽ ലാബുകൾ സ്ഥാപിക്കണമെന്നുള്ളതാണ്. സാമ്പത്തിക പ്രശ്നങ്ങൾ പരിഗണിച്ച് പണത്തിന്റെ ലഭ്യത പരിഗണിച്ച് അക്കാര്യം പരിഗണിക്കാം.

മി. സ്പീക്കർ : ബഡ്ജറ്റ് ചർച്ചയുടെ ഭാഗമായി മാർച്ച് 20-ാം തീയതി ഡോ. നീലലോഹിതദാസൻ നാടാർ നടത്തിയ പ്രസംഗത്തിലുണ്ടായ ചില പരാമർശങ്ങളിൽ ഒരു ഭാഗം ചെയർ രേഖയിൽ നിന്നും നീക്കിയിരുന്നു. പക്ഷേ അതിനു സബ്സിക്വന്റായി വന്ന ചില പരാമർശങ്ങളുണ്ട്. ശ്രീ. കെ.സി. ജോസഫ് ആണ് അതിനെ സംബന്ധിച്ച് പരാമർശിച്ചത്. അതും രേഖയിൽ നിന്ന് നീക്കേണ്ടതായിരുന്നു. ആ സമയത്ത് അതു രേഖയിൽ നിന്ന് നീക്കാൻ കഴിഞ്ഞില്ല. ആ ഭാഗവും രേഖയിൽ നിന്നും നീക്കം ചെയ്യുന്നു.

ശ്രീ. കെ.സി. ജോസഫ് : സർ, എന്താണ്?

മി. സ്പീക്കർ : അങ്ങേയ്ക്ക് ഒരു അപകടവുമില്ല. അതിനെ സംബന്ധിച്ച് സബ്സിക്വന്റായിട്ടുള്ള ഒരു പരാമർവും നടത്തിയിരുന്നു. അതും പാടില്ല എന്നാണ്. അതിന്റെ ഭാഗമായിട്ടുള്ളത് നീക്കിയാൽ അതു രേഖയിലില്ലെങ്കിൽ ഇതെങ്ങനെ വന്നു എന്നുള്ളതു വരും. അതു കൊണ്ടാണ്. അതൊരു നടപടിക്രമമാണ്.

V. റിപ്പോർട്ട് സമർപ്പണം

(1) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2000-ത്തിലെ കേരള ഡീസെൻട്രലൈസേഷൻ ഓഫ് പവേഴ്സ് (അമെന്റ്മെന്റ്) ബിൽ

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രിക്കു വേണ്ടി തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) : സർ, 2000-ത്തിലെ കേരളാ അധികാരവികേന്ദ്രീകരണ ഭേദഗതി ബില്ലിനെപ്പറ്റിയുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രിക്കു വേണ്ടി ഞാൻ സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly